# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/112/2018 2018 മെയ് 28

## പത്രക്കുറിപ്പ്

### എം.ജി.യ്ക്ക് 50 കോടിയുടെ റൂസ പദ്ധതി സഹായം

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം രണ്ടാംഘട്ട റൂസ പദ്ധതി ഗ്രാന്റായി മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 50 കോടി രൂപ അനുവദിച്ചു. നാക് അക്രഡിറ്റേഷനിൽ ലഭിച്ച ഉന്നതഗ്രേഡിന്റെയും എൻ.ഐ.ആർ.എഫിൽ ലഭിച്ച ഉയർന്ന റാങ്കിന്റേയും അടിസ്ഥാനത്തിലാണ് കേന്ദ്രമാനവശേഷി വികസന മന്ത്രാലയം എം.ജി. യൂണിവേഴ്സിറ്റിക്ക് ഈ പ്രത്യേക പദ്ധതി സഹായം അനുവദിച്ചത്. സർവ്വകലാശാലയുടെ ഗവേഷണ, വികസന പദ്ധതികൾക്ക് ഈ തുക പ്രയോജനപ്പെടുത്തും. അടിസ്ഥാന സൗകര്യ വികസനം, ലബോറട്ടറി ഉപകരണങ്ങൾ, പ്രായോഗിക സാങ്കേതിക വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ, കാമ്പസ് പരിപാലനം തുടങ്ങിയ മേഖലകളിൽ സർവ്വകലാശാല സമർപ്പിച്ച വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിലാണ് ഈ റൂസ സഹായം അനുവദിച്ചിരിക്കുന്നത്. അടിസ്ഥാന വികസന മേഖലയിൽ, സൗരോർജ്ജ കാമ്പസ് പദ്ധതിയിൽ 7 കോടി രൂപ മുതൽ മുടക്കുള്ള സോളാർ പവർ പ്ലാന്റ്, 50 ലക്ഷം മുതൽ മുടക്കിൽ മഴവെള്ള സംഭരണ ടാങ്കുകൾ, ജൈവ വൈദ്യുതി ഉല്പാദനത്തിനുള്ള ഒരു കോടിയുടെ കേന്ദ്രീകൃത ബയോഗ്യാസ് പ്ലാന്റ്, ഇന്റർനെറ്റ് വിന്യാസത്തിനുള്ള 5.5 കോടിയുടെ പദ്ധതി, 1 കോടിയുടെ ആധുനിക റെക്കോർഡ് റൂം, ക്ലാസ്മുറികളുടെ സാങ്കേതിക നവീകരണത്തിന് 1 കോടി, വൈഫൈ കാമ്പസ് രണ്ടാംഘട്ടത്തിന് 1 കോടി, 3.5 കോടിയുടെ പ്രാദേശിക കൾച്ചറൽ മ്യൂസിയം, പഠനവകുപ്പുകളിൽ പഠന-മൂല്യനിർണ്ണയ പ്രക്രിയകൾക്കായി ആധുനിക സാങ്കേതിക സംവിധാനങ്ങൾ, ഇ-കണ്ടെന്റ്/റെക്കോർഡിംഗ് സ്റ്റുഡിയോ തുടങ്ങിയ അടിസ്ഥാന വികസനപദ്ധതികൾക്കായി 23 കോടി രൂപയുടെ വികസന പദ്ധതികളാണ് സർവ്വകലാശാല നടപ്പാക്കുന്നത്. ജൈവ സർട്ടിഫിക്കേഷൻ ലബോറട്ടറി, നാനോ ബയോലാബ് ഉപകരണങ്ങൾ, പ്ലാസ്മ റിസർച്ച് ലാബ് ഉപകരണങ്ങൾ, നെറ്റ്‌വർക്ക് സെക്യൂരിറ്റി സിസ്റ്റംസ് എന്നിവയ്ക്കായി 8 കോടി രൂപയുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, റോബോട്ടിക്സ്, ഫുഡ് ടെക്നോളജി, സിസ്റ്റം ബയോളജി, ഹരിതസാങ്കേതികവിദ്യ തുടങ്ങിയ വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനായി 8 കോടി രൂപയുടെയും പദ്ധതികൾ സർവ്വകലാശാല ഏറ്റെടുക്കും.

ഇന്റർനാഷണൽ അക്കാദമിക് കൺവെൻഷൻ സെന്റർ, ഹോസ്റ്റലുകൾ, സെമിനാർ ഹാളുകൾ, അസംബ്ലി ഹാൾ എന്നിവയുടെ നവീകരണം, കൺവർജന്റ് അക്കാദമിക് കോംപ്ലക്സ് എന്നിവയ്ക്കായി 11 കോടി രൂപയും, രണ്ടാംഘട്ട റൂസ പദ്ധതിയിൽ പൂർത്തിയാക്കുമെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അറിയിച്ചു.

### ബി.ടെക്/ബി.ആർക് മൂല്യനിർണ്ണയം

മെയ് 9ന് ആരംഭിച്ച ബി.ടെക്/ബി.വോക് പരീക്ഷകളുടെ മൂല്യനിർണ്ണയ പ്രക്രിയകൾ വേഗത്തിലാക്കുന്നതിനുവേണ്ടി കോളേജുകൾ ഉത്തരക്കടലാസുകൾ സിൽവർ ജൂബിലി പരീക്ഷാഭവൻ അനക്സ് കെട്ടിടത്തിൽ എത്തിക്കണം. അവസാന ഘട്ടം ഉത്തരക്കടലാസുകൾ ജൂൺ 6ന് എത്തിക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**